## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **04.05.2017 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 1864**

## വനിതാ സംരംഭകർക്കായി പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എം.സ്വരാജ്.** | | **ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് വനിതാ സംരംഭകർക്കായി കെ. എസ്. ഐ. ഡി. സി മുഖേന എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ ; | (എ) & (ബി) | വനിതാ സംരംഭകരെ ആകർഷിക്കുന്നതിനും അവരെ മുഖ്യധാരയിലേക്കുയർത്തുന്നതിനുമായി പൊതുമേഖലാ സ്ഥാപനമായ കെ .എസ്. ഐ.ഡി ഡി സി (KSIDC) മുഖേന വനിതാ സംരംഭകത്വ മിഷൻ (വീ - മിഷൻ) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. വനിതാ സംരംഭകർക്കായി ഉപദേശവും നിർദ്ദേശ പിന്തുണയും നെറ്റ് വർക്കിംഗ് മീറ്റിംഗുകളും നടത്തിവരുന്നു. അതോടൊപ്പം ഈ വനിതാ വ്യവസായങ്ങളെ ലോകത്തിനു മുമ്പിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണനസാധ്യതകൾ കണ്ടെത്തുന്നതിനുമുള്ള സാഹചര്യമൊരുക്കുകയുമാണ് പ്രസ്തുത 'വീ-മിഷൻ' പദ്ധതി വഴി സർക്കാർ ലക്ഷ്യമിടുന്നത്. മെന്ററിംഗ് സപ്പോർട്ട്, മറ്റു വ്യവസായ യൂണിറ്റുകളിലേയ്ക്കുള്ള സന്ദർശനങ്ങൾ, വിപണനശൃംഖല വിപുലീകരിക്കൽ, ഹ്രസ്വകാല സാമ്പത്തിക സഹായം, അടിസ്ഥാന സൗകര്യ സഹായങ്ങൾ എന്നീ അഞ്ചുതരത്തിലുള്ള പ്രവർത്തനങ്ങളാണ് വീ-മിഷൻ പദ്ധതിയിലൂടെ സർക്കാർ നടപ്പിലാക്കി വരുന്നത്. |
| (ബി) | ഈ പദ്ധതികളിലൂടെ വനിതാ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | | |
| (സി) | ഇത്തരത്തിൽ ഭാവിയിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ? | (സി) | വീ-മിഷൻ പോലുള്ള പദ്ധതികൾ വരും വർഷങ്ങളിൽ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്ന കാര്യം ആലോചിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ.**